# ലഹരി വിരുദ്ധ സന്ദേശവുമായി പ്രവചന മത്സരം

കരുനാഗപ്പള്ളി • ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ എൻസിസി, എസ്പിസി, ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ്ക്രോസ്, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സന്ദേശം ഉയർത്തി ലോകകപ്പ് പ്രവചന മത്സരം നടത്തുന്നു. ലോകകപ്പ് നേടുന്ന ടീം, സുവർണ്ണ പാദുകം നേടുന്ന കളിക്കാരൻ എന്നിവ പ്രവചിക്കുന്നതിനൊപ്പം ലഹരി വിരുദ്ധ സന്ദേശം കൂടി എഴുതാൻ സൗകര്യം ഒരുക്കിയിട്ടുള്ള കൂപ്പണുകൾ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വിതരണം ചെയ്തു. ജനുവരി 3നു സ്കൂളിൽ വച്ചു നടക്കുന്ന ചടങ്ങിൽ മത്സര വിജയികൾക്കും ഏറ്റവും മികച്ച ലഹരി വിരുദ്ധ സന്ദേശം എഴുതിയ വിദ്യാർഥികൾക്കും യുപി, ഹൈസ്കൂൾ തലങ്ങളിൽ പ്രത്യേക സമ്മാനങ്ങൾ വിതരണം ചെയ്യുമെന്നു ഹെഡ്മിസ്ട്രസ് അറിയിച്ചു.